കൊച്ചി നഗരസഭ

# കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ

## സെപ്റ്റേജ് മാനേജ്മെന്റ് ആന്റ് മെയിന്റനൻസ് ബൈലോ 2022

(.........................ൽ ചേർന്ന കൊച്ചി നഗരസഭ കൗൺസിൽ ................. നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചത് ഫയൽ നമ്പർ ....................)

## 1. പീഠിക

ഇൻഡ്യൻ ഭരണ ഘടനയുടെ ഭാഗം III അനുച്ഛേദം 21 ജീവനും ജീവിക്കാനും ജീവന ഉപാധികൾക്കും വ്യക്തി സ്വാതന്ത്ര്യത്തിനുമുള്ള അവകാശത്തിന്റെ ഭാഗമായ സുരക്ഷിത സുസ്ഥിര പരിസ്ഥിതിക്കുള്ള മൗലിക അവകാശം, ഭരണഘടനയുടെ ഭാഗം 4 അനുച്ഛേദം 39 പ്രകാരം പൊതുജനാരോഗ്യ സ്ഥിതിമെച്ചെപ്പടുത്താനും ജീവിത നിലവാരം ഉയർത്താനും പരിരക്ഷിക്കാനുമുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാൻ രാഷ്ട്രത്തിന്റെ ഭരണഘടനാഘടകം എന്ന നിലയിൽ തദ്ദേശ ഭരണ സ്ഥാപനമായ നഗരസഭയ്ക്ക് ഉത്തരവാദിത്വം ഉണ്ട്.

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് ,1955 ലെ ട്രാവൻകൂർ കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്ട്, 1986-ലെ പരിസ്ഥിതി സംരക്ഷണ നിയമം എന്നിവ പ്രകാരം നഗരത്തിലെ ഖര-ദ്രവ മാലിന്യങ്ങളുടെ ശാസ്ത്രീയ പരിപാലനം ഉറപ്പു വരുത്തു ന്നതിനുള്ള അധികാരവും ഉത്തരവാദിത്വവും നഗരസഭയ്ക്കുണ്ട്. കേരളാ മുനിസിപ്പാലിറ്റി ആക്ട് പ്രകാരവും നഗരസഭയിൽ നിക്ഷിപ്തമായ ചുമതലകളുടെ അടിസ്ഥാനത്തിലും ഇതു സംബന്ധിച്ച പ്രസക്തമായ ബഹു. കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിലും യുക്തമായതും സ്വീകാര്യമായിട്ടുള്ളതുമായ മാർഗ്ഗം അവലംബിക്കാൻ നഗരസഭ അധികാരപ്പെട്ടിരിക്കുന്നു.

നഗരപരിധിയിൽ ദ്രവമാലിന്യങ്ങളുടെ ശാസ്ത്രീയമായ പരിപാലനം ഉറപ്പു വരുത്തുന്നതിലേക്ക് സ്വീവേജ് / സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനും സ്വിവറേജ് ലൈനുകൾ സ്ഥാപിച്ച് മാലിന്യം ട്രീറ്റ്മെന്റ് പ്ലാന്റിലേയ്ക്ക് എത്തിക്കുന്നതിനും സ്വിവറേജ് ലൈനുകൾ ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ നിന്നും പ്രത്യേകം സജ്ജമാക്കിയ വാഹനങ്ങളുപയോഗിച്ച് സെപ്റ്റേജ് മാലിന്യം ശേഖരിച്ച് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റിലേക്കു എത്തിച്ച് പരിപാലനം ചെയ്യുന്നതിനും ഉപഭോക്താവിന് കൃത്യമായും കാര്യക്ഷമമമായും സേവനം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും യുക്തിഭദ്രവും നീതിപൂർവ്വകവും നിയാമകവുമായ വിധത്തിൽ ജനപങ്കാളിത്തവും സാമൂഹ്യ നിയന്ത്രണവും നിരന്തര നിരീക്ഷണവും സമയബന്ധിത അവലോകനവും അനിവാര്യ പരിഷ്ക്കരണവും ഉറപ്പുവരുത്തും

വിധം ശരിയായ നിയമ-ചട്ടങ്ങൾ രൂപെപ്പടുത്തേണ്ടതുണ്ട്. അതനുസരിച്ച് ഉപനിയമാവലികൾ രൂപീകരിക്കാനും വിജ്ഞാപനം ചെയ്യാനും നടപ്പിൽ വരുത്താനും മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 567 പ്രകാരം നഗരസഭ കൗൺസിലിനെ അധികാരെപ്പടുത്തിയിട്ടുണ്ട്

ഈ വക കാര്യങ്ങളിൽ ജനജാഗ്രതയും പൗരധർമ്മവും പാലിക്കെപ്പടുന്നുവെന്ന് ഉറപ്പാക്കുന്നതിനുവേണ്ടി നിയമചട്ടങ്ങളാൽ നഗരസഭയിൽ നിക്ഷിപ്ത മായിട്ടുള്ള അധികാരങ്ങൾക്ക് വിധേയമായി കൊച്ചി നഗരസഭ കൗൺസിലിനു വേണ്ടി നഗരസഭ സെക്രട്ടറി പുറപ്പെടുവിക്കുന്ന ബൈലോ

2. **ചുരുക്കപ്പേരും, പ്രാരംഭവും**
   1. ഈ ബൈലോയ്ക്ക് സെപ്റ്റേജ് മാനേജ്മെന്റ് ആന്റ് മെയിന്റനൻസ് ബൈലോ 2022 എന്ന പേര് പറയാം.
   2. ഈ ബൈലോ ഉത്തരവ് തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.
3. **പ്രവർത്തന പരിധി**

കൊച്ചി നഗരസഭയുടെ അധികാര പരിധിയിലെ മുഴുവൻ പൊതു സ്ഥലങ്ങൾ, സ്വകാര്യ പരിസരങ്ങൾ, വാസസ്ഥലങ്ങൾ, വ്യാപാര-വാണിജ്യ-വ്യവസായ കേന്ദ്രങ്ങൾ, മാർക്കറ്റുകൾ, ഇതര സ്ഥലങ്ങൾ, നഗരസഭയുടെ സമീപത്തുള്ള ഇതര തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവയിൽ ഈ ബൈലോ ബാധകമാകുന്നതാണ്.

4. **നിർവ്വചനങ്ങൾ - ഈ ബൈലോയിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം, -**
   1. “സെപ്റ്റേജ് കളക്ഷൻ വാഹനങ്ങൾ” എന്നാൽ വീടുകളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ സെപ്റ്റേജ് മാലിന്യം ശേഖരിച്ച് സെപ്റ്റേജ് റിസീവിംഗ് സ്റ്റേഷനിലേയക്ക് കൊണ്ടു വരുന്നതിനു വേണ്ടി ശാസ്ത്രീയമായി രൂപകല്പന ചെയ്തതും നഗരസഭ ലൈസൻസ് ഉള്ളതുമായ വാഹനം എന്നർത്ഥമാകുന്നു.
   2. “സെപ്റ്റേജ് റിസീവിംഗ് സ്റ്റേഷൻ” എന്നാൽ സെപ്റ്റേജ് കളക്ഷൻ വാഹനങ്ങൾ ഉപയോഗിച്ച് ശേഖരിച്ചു കൊണ്ടു വരുന്ന സെപ്റ്റേജ് മാലിന്യങ്ങൾ ട്രീറ്റ്മെന്റിനായി സ്വീകരിക്കുന്നതിന് കൊച്ചി നഗരസഭ ഏർപ്പെടുത്തിയിട്ടുള്ള ശാസ്ത്രീയ സംവിധാനം.
   3. “നഗരസഭ” എന്നാൽ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ എന്നർത്ഥമാകുന്നു.
   4. “സെക്രട്ടറി” എന്നാൽ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി എന്നർത്ഥമാകുന്നു.
   5. “ഹെൽത്ത് ഓഫീസർ” എന്നാൽ കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിലെ ഹെൽത്ത് വിഭാഗത്തിന്റെ തലവൻ എന്നർത്ഥമാകുന്നു.
   6. “സെപ്റ്റേജ് റിസീവിംഗ് സ്റ്റേഷൻ ചാർജ്ജ് ഓഫീസർ” എന്നാൽ സെപ്റ്റേജ് റിസീവിംഗ് സ്റ്റേഷനുകളുടെ ചുമതലയുള്ള ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു
   7. “ഇംപ്ലിമെന്റിംഗ് ഓഫീസർ” എന്നാൽ ഈ പ്രവർത്തനങ്ങൾ നഗരസഭയ്ക്കു വേണ്ടി ഏകോപിപ്പിക്കുന്നതിനും നിയന്ത്രിക്കുന്നതിനും നടപ്പിൽ വരുത്തുന്നതിനും സാമ്പത്തിക ക്രയവിക്രയങ്ങൾ ചെയ്യുന്നതിനും വേണ്ടി

നഗരസഭ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ എന്നർത്ഥമാക്കുന്നു.

8. "ലൈസൻസ്" എന്നാൽ സെപ്റ്റേജ് കളക്ഷൻ വാഹനങ്ങളുടെ ഉപയോഗത്തിന് നിശ്ചിത വ്യവസ്ഥകൾക്ക് വിധേയമായി നിശ്ചിത കാലത്തതേക്ക് നഗരസഭയിൽ നിന്ന് നൽകുന്ന അനുമതി എന്നർത്ഥമാകുന്നു
9. "ലൈസൻസി" എന്നാൽ ലൈസൻസ് ലഭിച്ച വാഹനത്തിന്റെ ഉടമ എന്നർത്ഥമാകുന്നു.
10. "കോൾ സെന്റർ" എന്നാൽ സെപ്റ്റേജ് ശേഖരണ സംവിധാനത്തിന്റെ ഫലപ്രദമായ നിർവ്വഹണത്തിനായി നഗരസഭ ഒരുക്കുന്ന കോൾ സെന്റർ എന്നർത്ഥമാകുന്നു
11. "യൂസർ ഫീ" എന്നാൽ സെപ്റ്റേജ് ശേഖരണ സർവീസിന് പൊതുജനങ്ങളിൽ നിന്നും ഈടാക്കുന്ന നിരക്ക് എന്ന് അർത്ഥമാക്കുന്നു

**5. ലക്ഷ്യങ്ങൾ**

1. കൊച്ചി നഗരത്തിലെയും സമീപത്തുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിൽ വരുന്ന പ്രദേശങ്ങളിലേയും സെപ്റ്റേജ് മാലിന്യം ശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നതിന് സൗകര്യമൊരുക്കുക.
2. സെപ്റ്റേജ് മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിലും ജലാശയങ്ങളിലും നിക്ഷേപിക്കുന്നത് തടയുകയും സെപ്റ്റേജ് മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നു എന്ന് ഉറപ്പുവരുത്തുക .
3. കൊച്ചി നഗരത്തിൽ പ്രവർത്തിക്കുന്ന സ്വകാര്യ സെപ്റ്റേജ് വാഹനങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കുക
4. സെപ്റ്റേജ് മാലിന്യം കുടിവെള്ള സ്രോതസ്സുകളിൽ തള്ളുന്നത് തടയുന്നതുമൂലം നഗരവാസികൾ രോഗികളാകുന്ന അവസ്ഥ ഇല്ലാതാക്കുകയും അതിലൂടെ രോഗരഹിത നഗരമാക്കി കൊച്ചിയെ മാറ്റുകയും ചെയ്യുക.
5. സെപ്റ്റേജ് ശേഖരണ മേഖലയിൽ ജോലി എടുക്കുന്നവർക്ക് മെച്ചപ്പെട്ടതും സുരക്ഷിതവുമായ ജോലി ചെയ്യാനുള്ള അന്തരീഷം ഒരുക്കി നൽകുകയും അതുവഴി അവരുടെ ജീവിതനിലവാരം ഉയർത്തുകയും
6. കൊച്ചി നഗരസഭ അധികാര പരിധിയിൽ സെപ്റ്റേജ് ശേഖരണ സർവീസ് പൊതുജനങ്ങൾക്ക് മിതമായ നിരക്കിലും കൃത്യസമയത്തു ലഭിക്കുന്നു എന്ന് ഉറപ്പാക്കുക.

**6. സെപ്റ്റേജ് റിസീവിംഗ് സ്റ്റേഷനുകളുടെ പരിപാലനം**

1. സെപ്റ്റേജ് റിസീവിംഗ് സ്റ്റേഷനുകളുടെ പരിപാലനച്ചുമതല നഗരസഭക്കോ അല്ലെങ്കിൽ നഗരസഭ ചുമതലപ്പെടുത്തുന്ന ഏജൻസിക്കോ ആയിയിരിക്കും.
2. സെപ്റ്റേജ് റിസീവിംഗ് സ്റ്റേഷനുകൾ നഗരസഭ നോട്ടിഫൈ ചെയ്യേണ്ടതാണ്.
3. സെപ്റ്റേജ് റിസീവിംഗ് സ്റ്റേഷനുകൾ 24 മണിക്കൂറും പ്രവർത്തിക്കേണ്ടതാണ്. അറ്റകുറ്റപ്പണികൾ, പണിമുടക്ക്, പ്രകൃതിക്ഷോഭങ്ങൾ, മുൻകൂട്ടി നിശ്ചയിക്കാനാവാത്ത മറ്റ് സാഹചര്യങ്ങൾ എന്നിവ മൂലം സെപ്റ്റേജ് റിസീവിംഗ് സ്റ്റേഷന്റെ പ്രവർത്തന സമയം പുന:ക്രമീകരിക്കാവുന്നതാണ്. സെപ്റ്റേജ് റിസീവിംഗ് സ്റ്റേഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനാണു

ഇതിനുള്ള അധികാരം. അത്തരത്തിൽ ക്രമീകരണം വരുത്തുന്ന പക്ഷം ചുമതലയുള്ള ഉദ്യോഗസ്ഥൻ ടി. വിവരം നഗരസഭ സെക്രട്ടറിയെ യഥാസമയം അറിയിക്കേണ്ടതാണ്.

4. സെപ്റ്റേജ് റിസീവിംഗ് സ്റ്റേഷനുകളിൽ വൈദ്യുതി കണക്ഷനോടു കൂടിയുള്ള ഓഫീസ് സംവിധാനം ഉണ്ടായിരിക്കേണ്ടതാണ്.
5. സെപ്റ്റേജ് റിസീവിംഗ് സ്റ്റേഷനുകളിൽ കോൾ സെന്ററുമായി ബന്ധിപ്പിക്കത്തക്ക തരത്തിലുള്ള നെറ്റ്‌വർക്ക് സംവിധാനത്തോട് കൂടിയ കമ്പ്യൂട്ടർ/ മൊബൈൽ സംവിധാനം ഉണ്ടായിരിക്കേണ്ടതാണ്.
6. സെപ്റ്റേജ് റിസീവിംഗ് സ്റ്റേഷനുകളിൽ ആവശ്യമായ ജല ലഭ്യതയും ടോയിലറ്റ് സൗകര്യവും ഉണ്ടായിരിക്കേണ്ടതാണ്.
7. സെപ്റ്റേജ് റിസീവിംഗ് സ്റ്റേഷനുകളിൽ സെപ്റ്റേജ് മാലിന്യവുമായി വരുന്ന, നഗരസഭ ലൈസൻസ് ഉള്ള വാഹനങ്ങൾക്ക് സെപ്റ്റേജ് മാലിന്യം ഡിസ്ചാർജ്ജ് ചെയ്യുന്നതു വരെ പാർക്ക് ചെയ്യാനാവശ്യമായ പാർക്കിംഗ് സ്ഥലം നഗരസഭ ഒരുക്കി നൽകേണ്ടതാണ്.
8. സെപ്റ്റേജ് റിസീവിംഗ് സ്റ്റേഷനുകളുടെ മുന്നിലായി രാത്രികാലങ്ങളിലും വ്യക്തമായി കാണാൻ കഴിയുന്ന തരത്തിലുള്ള ബോർഡ് ഉണ്ടായിരിക്കേണ്ടതാണ്. പ്രവർത്തന സമയം, കോൾ സെന്ററിന്റേയും ഹെൽത്ത് എൻഫോഴ്സ്മെന്റ് സ്ക്വാഡിന്റേയും ഫോൺ നമ്പറുകൾ എന്നിവ ബോർഡിൽ വ്യക്തമായി രേഖപ്പടുത്തേണ്ടതാണ്.
9. സെപ്റ്റേജ് റിസീവിംഗ് സ്റ്റേഷനുകളുടെ അറ്റകുറ്റപ്പണികൾ സെക്രട്ടറിയുടെ മുൻകൂർ അനുമതിയോടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ യഥാസമയം നിർവ്വഹിക്കേണ്ടതാണ്.
10. അറ്റകുറ്റപ്പണികൾക്കാവശ്യമായ തുക നഗരസഭ ഫണ്ടിൽ നിന്ന് അനുവദിക്കേണ്ടതാണ്.
11. സെപ്റ്റേജ് റിസീവിംഗ് സ്റ്റേഷനുകളിൽ വരുന്ന വാഹനങ്ങളുടെ നമ്പർ പ്ലേറ്റ് തിരിച്ചറിയാൻ കഴിയുന്ന തരത്തിലുള്ള ക്യാമറകൾ ഓൺലൈൻ സിസ്റ്റവുമായി ബന്ധിപ്പിച്ച് സ്ഥാപിക്കേണ്ടതും റിസീവിംഗ് സ്റ്റേഷനുകളിലെ പ്രവർത്തനം മോണിട്ടർ ചെയ്യുന്നതിനുള്ള നൈറ്റ് വിഷൻ ക്യാമറകൾ സ്ഥാപിക്കേണ്ടതുമാണ്.
12. സെപ്റ്റേജ് റിസീവിംഗ് സ്റ്റേഷനിലെ തൊഴിലാളികളുടെ യൂണിഫോം നീല ഷർട്ടും പാന്റ്സും ആയിരിക്കേണ്ടതാണ്. കൂടാതെ ഗംബൂട്ട്, മാസ്ക്, ഗ്ലൗസ്, സേഫ്റ്റി ക്യാപ് എന്നിവ ധരിച്ചിരിക്കേണ്ടതാണ്.
13. രാത്രികാലങ്ങളിൽ സെപ്റ്റേജ് ഡിസ്ചാർജിനു വേണ്ടുന്ന വെളിച്ചവും മറ്റ് സൗകര്യങ്ങളും ഡിസ്ചാർജ് സ്ഥലങ്ങളിൽ ഒരുക്കേണ്ടതാണ്. ഇതിനുള്ള ചുമതല ബന്ധപ്പെട്ട ഉദ്യോഗസ്ഥനായിരിക്കും. ഇതിലേയ്ക്കുള്ള ചെലവുകൾ നഗരസഭയുടെ പദ്ധതി വിഹിതത്തിൽ നിന്നോ തനതു ഫണ്ടിൽ നിന്നോ വഹിക്കാവുന്നതാണ്.

## 7. ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ

1. ലൈസൻസിനായി വാഹന ഉടമ ഓൺലൈൻ പോർട്ടലിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ് (അനുബന്ധം III കാണുക)
2. അപേക്ഷയിന്മേൽ ഹെൽത്ത് ഓഫീസറുടേയും പദ്ധതി നിർവ്വഹണ ഓഫീസറുടേയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷ ലഭിച്ച് 30 ദിവസത്തിനുള്ളിൽ സെക്രട്ടറി / സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ ലൈസൻസ് അനുവദിക്കുന്നതിനുള്ള

നടപടിക്രമങ്ങൾക്കായി അപേക്ഷ സ്വീകരിക്കുകയോ വ്യക്തമായ കാരണം രേഖപ്പെടുത്തി അപേക്ഷ നിരസിക്കുകയോ ചെയ്യണം.

3. സെക്രട്ടറി / സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ അപേക്ഷ ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾക്കായി സ്വീകരിച്ചു കഴിഞ്ഞാൽ 7 ദിവസത്തിനുള്ളിൽ ടി. വിവരം അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതാണ്. അറിയിപ്പ് ലഭിച്ച് 7 ദിവസത്തിനുള്ളിൽ അപേക്ഷകൻ നഗരസഭയുടെ ഇതിനായുള്ള ഓൺലൈൻ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഓൺലൈനായി ലൈസൻസ് ഫീ ഒടുക്കേണ്ടതുമാണ്. നിശ്ചിത ദിവസത്തിനുള്ളിൽ ലൈസൻസ് ഫീ ഒടുക്കാതിരുന്നാൽ പിന്നീട് ഒരറിയിപ്പ് കൂടാതെ അപേക്ഷ നിരസിക്കുന്നതാണ്.
4. ലൈസൻസ് ഫീസ് ഒടുക്കി 7 ദിവസത്തിനുള്ളിൽ അപേക്ഷകന് ലൈസൻസും വാഹനത്തിൽ ഒട്ടിക്കുന്നതിനുള്ള സ്റ്റിക്കറും അനുവദിക്കേണ്ടതാണ് (അനുബന്ധം IV കാണുക)
5. ലൈസൻസ് കാലാവധി ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെയായിരിക്കും
6. ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകൾ ലൈസൻസ് കാലാവധി അവസാനിക്കുന്നതിന് 30 ദിവസത്തിൽ കുറയാതെയും 90 ദിവസത്തിൽ കവിയാതെയുമുള്ള സമയപരിധിക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയപരിധി കഴിഞ്ഞ് സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം ലേറ്റ് ഫീ കൂടി ഒടുക്കേണ്ടതാണ്.
7. ലൈസൻസ് ഫീ പട്ടിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു
8. ടാങ്കറുകളുടെ കപ്പാസിറ്റി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് അംഗീകൃത ഏജൻസിയിൽ നിന്നും ഹാജരാക്കേണ്ടതാണ്.
9. എല്ലാ വാഹനങ്ങളുടേയും മോട്ടാർ വാഹന നിയമപ്രകാരമുള്ള എല്ലാരേഖകളുടേയും കോപ്പികൾ ലൈസൻസ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതും വാഹന പരിശോധന നടത്തുന്ന സമയം ബന്ധപ്പെട്ട മുഴുവൻ രേഖകളുടേയും അസ്സൽ പരിശോധനാ ഉദ്യോഗസ്ഥനെ കാണിച്ച് ബോധ്യപ്പെടുത്തേണ്ടതുമാണ്.
10. അപേക്ഷകന്റെ പാസ്പോർട്ട് സൈസ് ഫോട്ടോയും തിരിച്ചറിയൽ രേഖകളും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതും പരിശോധന സമയത്ത് അസ്സൽ ഹാജരാക്കേണ്ടതുമാണ്.

**8. ലൈസൻസ് വ്യവസ്ഥകൾ**

1. സെപ്റ്റേജ് കളക്ഷൻ വാഹനങ്ങൾ തിരിച്ചറിയുന്നതിനായി കളർ കോഡുണ്ടായിരിക്കും. സെപ്റ്റേജ് കളക്ഷൻ വാഹനങ്ങൾ Sandal Brown കളർ പെയിന്റ് ചെയ്യുകയും “സെപ്റ്റേജ് ശേഖരണ വാഹനം” എന്ന് മലയാളത്തിലും “Septage Collection Vehicle” എന്ന് ഇംഗ്ലീഷിലും കളക്ഷൻ ടാങ്കിന്റെ ഇരുപുറങ്ങളിലുമായി വലിയ അക്ഷരത്തിൽ വെള്ള നിറത്തിൽ രേഖപ്പടുത്തണം. വാഹനത്തിന്റെ കളർ കോഡിംഗ് മാറ്റുന്നതിന് മോട്ടോർ വാഹന നിയമങ്ങൾക്ക് വിധേയമായി നഗരസഭ കൗൺസിലിന് അധികാരമുണ്ടായിരിക്കും.
2. സെപ്റ്റേജ് കളക്ഷൻ വാഹനങ്ങൾക്ക് നഗരസഭ അനുവദിക്കുന്ന ലൈസൻസ് നമ്പറും നഗരസഭ ഹെൽത്ത് എൻഫോഴ്സ്മെന്റ് സ്ക്വാഡിന്റെ ഫോൺ നമ്പറും സർക്കാർ നിയമപ്രകാരം രേഖപ്പെടുത്തേണ്ടതായ മറ്റ് നമ്പറുകളും കളക്ഷൻ ടാങ്കിന്റെ പിൻവശത്ത് ഫ്ളൂറസെന്റ് വെള്ള നിറത്തിൽ വലുതായി രേഖപ്പടുത്തണം.

3. സെപ്റ്റേജ് കളക്ഷൻ വാഹനങ്ങളിൽ ലൈസൻസി സ്വന്തം ചെലവിൽ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റ് നിഷ്ക്കർഷിച്ചിട്ടുള്ള AIS 140 / IRNSS മോഡൽ ജി.പി.എസ് ഘടിപ്പിക്കേണ്ടതും ആയത് നഗരസഭ സംവിധാനവുമായി ബന്ധിപ്പിക്കേണ്ടതുമാണ്.
4. സെപ്റ്റേജ് ശേഖരണ വാഹനത്തിന്റെ ഔട്ട്ലെറ്റു പൈപ്പ് 2 ഇഞ്ചു വലുപ്പത്തിൽ ആയിരിക്കണം ഘടിപ്പിക്കേണ്ടത്.
5. സെപ്റ്റേജ് ശേഖരണ വാഹനത്തിൽ 50 മീറ്റർ ഹോസ് ഉണ്ടായിരിക്കേണ്ടതും ആയത് ശുചിയായും സുരക്ഷിതമായും സൂക്ഷിക്കുന്നതിനുള്ള സംവിധാനം സെപ്റ്റേജ് ശേഖരണ ടാങ്കറുകളിൽ ഉണ്ടായിരിക്കേണ്ടതുമാണ്.
6. സെപ്റ്റേജ് ശേഖരണ വാഹനത്തിൽ പമ്പ് സെറ്റുകൾ ഉണ്ടായിരിക്കേണ്ടതാണ്.
7. സെപ്റ്റേജ് ശേഖരണ വാഹനങ്ങളിൽ മാലിന്യത്തിന്റെ അളവ് ദൃശ്യമാകുന്നതിനുള്ള ഗ്ലാസ്സ് ട്യൂബ് സംവിധാനം ലൈസൻസി ഘടിപ്പിക്കേണ്ടതാണ്.
8. സെപ്റ്റേജ് ശേഖരണ വാഹനങ്ങളിൽ ഓൺലൈൻ സ്ട്രീമിങ് സംവിധാനം ഉള്ള ക്യാമറകൾ ഘടിപ്പിക്കേണ്ടതും ആയത് നഗരസഭ സംവിധാനവും ആയി ബന്ധിപ്പിക്കേണ്ടതുമാണ്.
9. സെപ്റ്റേജ് ശേഖരണ വാഹനങ്ങളിൽ നിന്ന് യാത്രാ മദ്ധ്യേ മലിന ജലം പുറേത്തയ്ക്ക് ഒഴുകാത്ത രീതിയിൽ ടാങ്കിന് മുകളിലെ ഇൻലെറ്റും ടാങ്കിനു താഴെത്ത ഔട്ട്ലെറ്റും air tight ആയിട്ടുള്ള മൂടികൾ ഉപയോഗിച്ച് അടച്ചിരിക്കേണ്ടതാണ്. സെപ്റ്റേജ് വാഹനത്തിലെ ഔട്ട്ലെറ്റ് വാൽവ് പൂട്ട് ഉപയോഗിച്ചു പൂട്ടിയതിനു ശേഷം മാത്രമേ മാലിന്യം നീക്കം ചെയ്യാൻ പാടുള്ളു. ടാങ്കറിനുള്ളിലെ വായു മർദ്ദം വേഗത്തിൽ ഒഴിവാക്കാൻ കഴിയുന്ന സുരക്ഷാ വാൽവ് സംവിധാനം ഒരുക്കേണ്ടതും ആയതിന്റെ നിയന്ത്രണ സംവിധാനം ഡ്രൈവറുടെ സീറ്റിനു സമീപമായും ബഹിർഗമന കുഴൽ ടാങ്കറിന് മുകളിലേയ്ക്കായും ക്രമീകരിക്കേണ്ടതാണ്.
10. സെപ്റ്റേജ് കളക്ഷൻ സേവനത്തിനുള്ള യൂസർഫീ ഓൺലൈനായാണ് ഒടുക്കുന്നത്. ആയതിനാൽ ലൈസൻസികൾ ഉപഭോക്താക്കളിൽ നിന്ന് പണം സ്വീകരിക്കാൻ പാടില്ലാത്തതാണ്.
11. യൂസർഫീയിൽ നിന്നും ലൈസൻസികൾക്ക് ലഭിക്കേണ്ട തുക എല്ലാ ആഴ്ച്ചയും വ്യാഴാഴ്ച്ചയ്ക്കു മുമ്പായി ചാർജ്ജ് ഓഫീസറിൽ നിന്ന് ലഭിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ലൈസൻസിയുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഇംപ്ലിമെന്റിംഗ് ഓഫീസർ ഓൺലൈൻ ആയി കൈമാറേണ്ടതാണ്.
12. സെപ്റ്റേജ് കളക്ഷൻ വാഹനങ്ങളിലെ തൊഴിലാളികളുടെ യൂണിഫോം നീലഷർട്ടും പാന്റ്സും ആയിരിക്കേണ്ടതും ഡ്രൈവർമാർ മോട്ടോർ വാഹന നിയമത്തിൽ നിഷ്കർഷിക്കുന്ന യൂണിഫോം ധരിക്കേണ്ടതുമാണ്. ജീവനക്കാർ രാത്രികാലങ്ങളിൽ ഫ്ളൂറസെന്റ് ഓവർകോട്ട് ധരിക്കേണ്ടതാണ്.
13. സെപ്റ്റേജ് കളക്ഷൻ വാഹനങ്ങളിലെ തൊഴിലാളികൾക്ക് ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ ലൈസൻസി ഒരുക്കി നൽകേണ്ടതാണ്.
14. ലൈസൻസ് വ്യവസ്ഥകൾ ലംഘിക്കുന്ന പക്ഷം ലൈസൻസ് റദ്ദാക്കുന്നതിനോ ലൈസൻസ് വ്യവസ്ഥാ ലംഘനത്തിന് 10,000 രൂപ

പിഴയായി ഈടാക്കുന്നതിനോ രണ്ടിനും കൂടിയോ നഗരസഭയ്ക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

15. ലൈസൻസ് ഇല്ലാത്ത സെപ്റ്റേജ് കളക്ഷൻ വാഹനം നഗരസഭ പരിധിക്കുള്ളിൽ സെപ്റ്റേജ് ശേഖരിക്കുകയോ ഒഴുക്കിക്കളയുകയോ, ഒഴുക്കിക്കളയുന്നതിന് ശ്രമിക്കുകയോ ചെയ്താൽ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 335,337,340എ, 340ബി, 440 എന്നീ വകുപ്പുകൾ പ്രകാരം ടി. വാഹനം പിടിച്ചെടുത്തു നിയമ നടപടികൾ സ്വീകരിക്കുന്നതിനും കുറഞ്ഞത് 25,000 രൂപ മുതൽ പരമാവധി 50,000 രൂപ വരെ പിഴ ഈടാക്കുന്നതിനും നഗരസഭയ്ക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.
16. സെപ്റ്റേജ് ശേഖരണ വാഹനത്തിന് നഗരസഭയിൽ നിന്ന് ലൈസൻസ് ലഭിച്ചിട്ടുള്ള വ്യക്തിയുടെ ഉടമസ്ഥതയിലുള്ള മറ്റേതെങ്കിലും ടാങ്കറുകൾ നഗരസഭ പരിധിക്കുള്ളിൽ ലൈസൻസ് കൂടാതെ അനധികൃതമായി സെപ്റ്റേജ് മാലിന്യം കൈകാര്യം ചെയ്യുകയോ, ലൈസൻസി നഗരസഭ പരിധിക്കുള്ളിൽ ലൈസൻസില്ലാത്ത ഏതെങ്കിലും അനധികൃത ടാങ്കറുകൾ പ്രവർത്തിപ്പിക്കുകയോ ചെയ്യുന്ന പക്ഷം ടി. ലൈസൻസിയുടെ ലൈസൻസ്/ലൈസൻസുകൾ റദ്ദാക്കുന്നതും ടി.യാന്റെ പേരിൽ നിയമാനുസൃത തുടർ നടപടികൾ സ്വീകരിക്കുന്നതും ബ്ലാക്ക് ലിസ്റ്റ് ചെയ്യുന്നതുമായിരിക്കും.നഗരസഭ ഹെൽത്ത് ഇൻസ്പെക്ടർ, പോലീസ് ഇൻസ്പെക്ടർ, മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ എന്നീ ഉദ്യോഗസ്ഥർക്കോ അവരുടെ മേലധികാരികൾക്കോ ഇത്തരം വിവരങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്.
17. 1988-ലെ മോട്ടോർ വെഹിക്കിൾ ആക്ട് ഈ ബൈലോയോടൊപ്പം ബാധകമായിരിക്കുന്നതാണ്.

**9. നിർവ്വഹണ നിയന്ത്രണ സംവിധാനം**

1. സെപ്റ്റേജ് മാലിന്യങ്ങളുടെ പരിപാലനം സംബന്ധിച്ച പ്രവൃത്തികളുടെ മോണിറ്ററിംഗിനായി ഒരു സോഫ്ട്വെയർ ഉണ്ടായിരിക്കേണ്ടതാണ്.
2. പൊതുജനങ്ങൾക്ക് സേവനത്തിനായി അപേക്ഷ സമർപ്പിക്കുന്നതിനും യൂസർ ഫീ ഒടുക്കുന്നതിനുമുള്ള സംവിധാനം ഈ സോഫ്ട്വെയറിൽ ഉണ്ടായിരിക്കേണ്ടതാണ്.
3. സെപ്റ്റേജ് കളക്ഷനായി ലഭിക്കുന്ന അപേക്ഷകളിൽ നിന്ന് സോഫ്ട്വെയറിന്റെ സഹായത്തോടെ മുൻഗണനാക്രമവും ജി.പി.എസ്. പ്രകാരമുള്ള ലൊക്കേഷനും അനുസരിച്ച് ലൈസൻസിക്ക് മൊബൈൽ ആപ്പിലൂടെ ട്രിപ്പുകൾക്കുള്ള ഡിജിറ്റൽ പാസ് നൽകേണ്ടതാണ്.
4. സ്വന്തമായി സെപ്റ്റേജ് ശേഖരണ വാഹനങ്ങൾ ഉള്ള സ്ഥാപനങ്ങൾക്ക് സെപ്റ്റേജ് റിസീവിങ് സ്റ്റേഷൻ സർവീസ് ചാർജ് മാത്രം ഈടാക്കികൊണ്ട് ഡിജിറ്റൽ പാസ്സ് ഓൺലൈൻ ആയി മൊബൈൽ ആപ്പിൽ നൽകേണ്ടതാണ്.സോഫ്ട്വെയറിൽ അതിനുള്ള സംവിധാനം ഒരുക്കേണ്ടതാണ്.
5. സെപ്റ്റേജ് കളക്ഷൻ വാഹനം സെപ്റ്റേജ് റിസീവിംഗ് സ്റ്റേഷനിലെത്തി ഡിസ്ച്ചാർജ്ജ് ചെയ്താലുടൻ തന്നെ ടി. വിവരം സോഫ്ട്വെയറിൽ അപ്ഡേറ്റ് ചെയ്യേണ്ടതാണ്.
6. പൊതുജനങ്ങൾക്ക് സേവനത്തിനായി അപേക്ഷ ഓൺലൈൻ മുഖാന്തിരം മാത്രമായിരിക്കും സമർപ്പിക്കുവാൻ കഴിയുക. ഇതിലേയ്ക്ക് അക്ഷയ

സെന്ററുകളുടെയും നഗരസഭ ഹെൽത്ത് സർക്കിൾ ഓഫീസുകളുടേയും നഗരസഭ കോൾ സെന്ററിന്റെയും സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

7. സെപ്റ്റേജ് ശേഖരണ സംവിധാനവുമായി ബന്ധപ്പെട്ട അക്കൗണ്ടുകൾ കൈകാര്യം ചെയ്യുന്നതിലേയ്ക്കായി നഗരസഭ സെക്രട്ടറി അക്കൗണ്ട്സ് വിഭാഗത്തിന്റെ ഒരു ഉദ്യോഗസ്ഥന് ചുമതല നിശ്ചയിച്ച് നൽകേണ്ടതാണ്.
8. നഗരസഭയുടെ സമീപത്തുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഏരിയയിൽ നിന്നും സെപ്റ്റേജ് മാലിന്യം ശേഖരിക്കുന്നതിന് ഈ സംവിധാനം പ്രയോജനപ്പെടുത്താവുന്നതാണ്. ടി തദ്ദേശഭരണ സ്ഥാപനങ്ങളെ നഗരസഭ സെക്രട്ടറി ഈ വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്. നഗരസഭയുടെ ഈ സേവനം ആവശ്യമുള്ള മേൽപ്പറഞ്ഞ ഗണത്തിലുള്ള തദ്ദേശഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ നഗരസഭ സെക്രട്ടറി/സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനുമായി കരാറിൽ ഏർപ്പെടേണ്ടതാണ്. അത്തരത്തിൽ മാലിന്യം ശേഖരിക്കുമ്പോൾ ടി. സേവനത്തിന് ഈ ബൈലോ പ്രകാരം നിശ്ചയിക്കുന്ന അധിക ചാർജ്ജ് കിലോമീറ്റർ അടിസ്ഥാനത്തിൽ നൽകേണ്ടതാണ്. മേൽപ്പറഞ്ഞതല്ലാതെ കേരളത്തിലെ മറ്റ് ഏതെങ്കിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ പരിധിയിൽ നഗരസഭയുടെ സെപ്റ്റേജ് മാലിന്യശേഖരണ സംവിധാനത്തിന്റെ സേവനം ലഭ്യമാക്കുന്നതിന് അപേക്ഷ ലഭിക്കുന്ന പക്ഷം ബഹു.മേയറുടെ അനുമതിയോടുകൂടി സെക്രട്ടറി/സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ സേവനം ലഭ്യമാക്കേണ്ടതാണ്.
9. സെപ്റ്റേജ് ശേഖരണ സേവനത്തിന് നഗരസഭ പരിധിയ്ക്കുള്ളിൽ ടി സേവനത്തിന് നൽകേണ്ട മിനിമം ദൂരത്തിനുള്ള ചാർജ്ജുകൾക്ക് പുറമേ പ്ലാന്റിൽ നിന്നും സേവനം ലഭ്യമാക്കേണ്ട സ്ഥലംവരെ അങ്ങോട്ടുമിങ്ങോട്ടുമുള്ള ഏകദേശ ദൂരം കണക്കാക്കി അധിക ദൂരത്തിന് കി.മീറ്റർ ഒന്നിന് അനുബന്ധം I-ൽ പറയുന്ന രൂപാ നിരക്കിൽ തുക അഡ്വാൻസായി ഓൺലൈനിൽ ഒടുക്കേണ്ടതും സേവനം നൽകിയശേഷം യഥാർത്ഥ ദൂരം കണക്കാക്കി കി.മീറ്റർ ഒന്നിന് അനുബന്ധം I-ൽ പറയുന്ന നിരക്കിൽ ട്രാൻസ്പോർട്ടേഷൻ ചാർജ്ജായി ഈടാക്കിയശേഷം ബാക്കി തുക ഉപഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നൽകേണ്ടതാണ്.
10. നഗരസഭയുടെ സെപ്റ്റേജ് ശേഖരണ പരിപാലന സംവിധാനം സംബന്ധിച്ച് പൊതുജനങ്ങളെ ബോധവത്ക്കരിക്കുന്നതിന് ആവശ്യമായ പ്രചാരണ പരിപാടികൾ എല്ലാ മാധ്യമങ്ങളിലൂടെയും നടേത്തണ്ടതാണ്. സെപ്റ്റേജ് ശേഖരണ പരിപാലനവുമായി ബന്ധെപ്പട്ട് നഗരസഭയ്ക്ക് ലഭിക്കുന്ന ഫീസിൽ നിന്നും ഇതിലേയ്ക്കാവശ്യമായി വരുന്ന ചെലവ് വഹിക്കാവുന്നതാണ്.
11. സെപ്റ്റേജ് ശേഖരണ പരിപാലന സംവിധാനവുമായി ബന്ധെപ്പട്ട പരാതികൾ യഥാസമയം പരിശോധിച്ച് തീർപ്പാക്കുന്നതിനുള്ള സംവിധാനം നഗരസഭ സെക്രട്ടറി ഒരുക്കേണ്ടതാണ്. പരാതി പരിഹാര സംവിധാനം സംബന്ധിച്ച് വ്യക്തമായ ഉത്തരവ് പ്രസിദ്ധീകരിക്കേണ്ടതും ആയത് നഗരസഭ നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും വെബ് പോർട്ടലിലും പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. ഇതിന്റെ മേൽനോട്ടത്തിനായി ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതും ആവശ്യമുള്ളപക്ഷം

ഇതിലേയ്ക്കായി കരാറടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ച് പ്രത്യേക സെൽ രൂപീകരിക്കാവുന്നതുമാണ്. സെപ്റ്റേജ് ശേഖരണ പരിപാലനവുമായി ബന്ധപ്പെട്ട് നഗരസഭയ്ക്ക് ലഭിക്കുന്ന ഫീസിൽ നിന്നും ഇതിലേയ്ക്കാവശ്യമായി വരുന്ന ചെലവ് വഹിക്കാവുന്നതാണ്

12. നഗരസഭയ്ക്ക് പുറമേ കേരള വാട്ടർ അതോറിറ്റി, ഭക്ഷ്യസുരക്ഷാ വകുപ്പ്, പോലീസ്, മോട്ടോർ വാഹന വകുപ്പ്, ജില്ലാ ഭരണകൂടം, പൊല്യൂഷൻ കൺട്രോൾ ബോർഡ് എന്നിവിടങ്ങളിലെ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്ക് ലൈസൻസികളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനുള്ള അധികാരമുണ്ടായിരിക്കുന്നതാണ് .

**10. കോൾ സെന്റർ**

1. സെപ്റ്റേജ് വാഹനങ്ങളുടെ പരിപാലനം സംബന്ധിച്ച് പ്രവൃത്തികൾ മോണിറ്റർ ചെയ്യുന്നതിനും പൊതുജനങ്ങളുടെ സംശയങ്ങളും പരാതികളും സ്വീകരിച്ച് പരിഹാരം കാണുന്നതിനും ഓൺലൈൻ അടക്കമുള്ള സംവിധാനം 24 മണിക്കൂറും നഗരസഭയിൽ പ്രവർത്തിക്കേണ്ടതാണ്.
2. സെപ്റ്റേജ് കളക്ഷനായി ലഭിക്കുന്ന ഓൺലൈൻ അപേക്ഷകളിൽ നിന്ന് സോഫ്ട്‌വെയറിന്റെ സഹായത്തോടെ മുൻഗണനാക്രമവും ജി.പി.എസ്. പ്രകാരമുള്ള ലൊക്കേഷനും അനുസരിച്ച് ലൈസൻസികൾക്ക് മൊബൈൽ ആപ്പിലൂടെ ട്രിപ്പുകൾക്കുള്ള ഡിജിറ്റൽ പാസ് നൽകുന്നുണ്ടെന്ന് മോണിറ്റർ ചെയ്യുന്നത് കോൾ സെന്ററിൽ നിന്നായിരിക്കേണ്ടതാണ്.
3. സെപ്റ്റേജ് ശേഖരണസംവിധാനവുമായി ബന്ധപ്പെട്ട മുഴുവൻ സാമ്പത്തിക ക്രയവിക്രയങ്ങളും ദൈനംദിനം മോണിട്ടർ ചെയ്ത് നഗരസഭയുടെ ചുമതലക്കാരായ ഉദ്യോഗസ്ഥന് റിപ്പോർട്ട് നൽകേണ്ട ചുമതല കോൾ സെന്ററിനായിരിക്കുന്നതാണ്.
4. കോൾ സെന്റർ, സെപ്റ്റേജ് റിസീവിംഗ് സ്റ്റേഷനുകൾ എന്നിവിടങ്ങളിലേയ്ക്ക് ആവശ്യമായ ഡിജിറ്റൽ ഉപകരണങ്ങളും ഫർണിച്ചറുകളും നഗരസഭ വാങ്ങി നല്കേണ്ടതാണ്,
5. കോൾ സെന്ററിലെ ജീവനക്കാർക്ക് യൂണിഫോം യുക്തമെന്ന് തോന്നുന്ന പക്ഷം അത് നിശ്ചയിച്ച് നൽകുന്നതിന് നഗരസഭ സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.
6. യൂണിഫോം നിശ്ചയിക്കുന്ന പക്ഷം ആയത് ജീവനക്കാർ സ്വന്തം ചെലവിൽ വാങ്ങേണ്ടതാണ്.

**11. ജീവനക്കാരുടെ നിയമനം**

1. സെപ്റ്റേജ് റിസീവിംഗ് സ്റ്റേഷനുകളിലേയ്ക്കും കോൾ സെന്ററിലേയ്ക്കും ആവശ്യമായ നഗരസഭ ജീവനക്കാരെ സെക്രട്ടറി നിയമിക്കേണ്ടതാണ്.
2. ആവശ്യമായ സാങ്കേതിക വിഭാഗം ജീവനക്കാരുടെ സേവനം നഗരസഭയോ/പ്ലാന്റ് ചുമതലയുള്ള ഏജൻസിയോ ലഭ്യമാക്കേണ്ടതാണ്.
3. സെപ്റ്റേജ് റിസീവിംഗ് സ്റ്റേഷനുകളുടെയും കോൾ സെന്ററിന്റേയും സുഗമമായ പ്രവർത്തനത്തിന് ആവശ്യമെങ്കിൽ അധിക ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കേണ്ടതും അതിലേയ്ക്ക് വരുന്ന ചെലവ് നഗരസഭ ഫണ്ടിൽ നിന്ന് നൽകേണ്ടതുമാണ്

12. യൂസർ ഫീ

1. പൊതുജനങ്ങൾക്ക് ഈ ബൈലോയിൽ പറഞ്ഞിരിക്കുന്ന സേവനങ്ങൾക്ക് ഒടുക്കേണ്ട യൂസർഫീ ഓൺലൈനായോ, അക്ഷയകേന്ദ്രങ്ങൾ വഴിയോ, നഗരസഭയുടെ വിവിധ ഓഫീസുകൾ വഴി ഓൺലൈനായോ ഒടുക്കാവുന്നതാണ്.പൊതുജനങ്ങൾക്കുള്ള യൂസർ ഫീ നിരക്ക് അനുബന്ധം I ആയി കാണിച്ചിരിക്കുന്നു
2. യൂസർഫീ കാലാകാലങ്ങളിൽ നിലവിലുള്ള കേന്ദ്ര സംസ്ഥാന നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസരണമായി നഗരസഭ കൗൺസിൽ തീരുമാനിക്കേണ്ടതാണ്. സെപ്റ്റേജ് ടാങ്കറുകളുടെ കളക്ഷൻ നിരക്ക് ഈ ബൈലോയോടൊപ്പമുള്ള അനുബന്ധം I പ്രകാരം ഈടാക്കേണ്ടതാണ്.
3. യൂസർഫീയിൽ നിന്നും ലൈസൻസികൾക്ക് ലഭിക്കേണ്ട തുക എല്ലാ ആഴ്ചയും സോഫ്ട്‌വെയർ മുഖാന്തിരം ലഭിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇംപ്ലിമെന്റിംഗ് ഓഫീസർ ലൈസൻസിയുടെ അക്കൗണ്ടിലേക്ക് ഓൺലൈനായി കൈമാറേണ്ടതാണ്.
4. ബൈലൊ പ്രകാരം നൽകുന്ന സേവനങ്ങളിലൂടെ ലഭിക്കുന്ന യൂസർഫീയിൽ നിന്ന് നഗരസഭ വിഹിതമായുള്ള തുക നഗരസഭ സെക്രട്ടറിയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഇംപ്ലിമെന്റിംഗ് ഓഫീസർ നിക്ഷേപിക്കേണ്ടതാണ്.
5. പൊതുജനങ്ങൾക്ക് യൂസർ ഫീ ഒടുക്കുന്നതിനുവേണ്ടി സെക്രട്ടറിയുടെ പേരിൽ ഒരു ബാങ്ക് അക്കൗണ്ടു കൂടി ആരംഭിക്കേണ്ടതും പ്രസ്തുത ബാങ്ക് അക്കൗണ്ട് നഗരസഭാ സെക്രട്ടറിക്കുവേണ്ടി സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഇംപ്ലിമെന്റിംഗ് ഓഫീസർ ഓപ്പറേറ്റ് ചെയ്യേണ്ടതുമാണ്.
6. അപേക്ഷപ്രകാരം സെപ്റ്റേജ് കളക്ഷൻ വാഹനങ്ങൾ സ്ഥലെത്തത്തുകയും നഗരസഭയുടേയോ ലൈസൻസിയുടേയോ അല്ലാത്ത കാരണങ്ങളാൽ സെപ്റ്റേജ് ശേഖരിക്കാൻ കഴിയാതെ വരുന്ന പക്ഷം ഓൺലൈനായി ഒടുക്കിയ യൂസർഫീയിൽ നിന്നും 1000 രൂപാ നഷ്ടപരിഹാരമായി ഈടാക്കിയശേഷം ബാക്കി തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഓൺലൈൻ ആയി തിരികെ നൽകേണ്ടതാണ്. നിശ്ചയിക്കപ്പെട്ട മിനിമം ദൂരത്തിലും അധിക കിലോമീറ്റർ ദൂരം സർവീസ് നടത്തേണ്ടി വന്നാൽ മുകളിൽ പറഞ്ഞിരിക്കുന്ന കിഴിവ് വരുത്തുന്ന പ്രകാരമുള്ള 1000 രൂപയും ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് ഇനത്തിലുള്ള തുകയും കിഴിച്ച് ബാക്കി തുക ഉപഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് ഓൺലൈൻ ആയി ട്രാൻസ്ഫർ ചെയ്ത് നൽകേണ്ടതാണ്.
7. നഗരസഭ പരിധിയിലെ സേവനങ്ങളുമായി ബന്ധപ്പെട്ട് അപ്രകാരം ഈടാക്കുന്ന 1000 രൂപയിൽ 250 രൂപാ നഗരസഭയുടെ അക്കൗണ്ടിലേയ്ക്കും ബാക്കി 750 രൂപാ നഷ്ടപരിഹാരമായി ലൈസൻസിയ്ക്കും നൽകേണ്ടതാണ്. ട്രാൻസ്പോർട്ടേഷൻ ഇനത്തിൽ ഈടാക്കുന്ന തുക പൂർണ്ണമായും ലൈസൻസിയുടെ അക്കൌണ്ടിലേയ്ക്ക് ട്രാൻ്സ്ഫർ ചെയ്തു നല്കേണ്ടതാണ്.
8. ലൈസൻസിക്ക് സെപ്റ്റേജ് കളക്ഷൻ വാഹനത്തിന്റെ മോട്ടോർ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ വൈദ്യുതിയും മറ്റ് സൗകര്യങ്ങളും സർവീസ് ബുക്ക് ചെയ്യുന്ന ഉപഭോക്താവ് നൽകേണ്ടതാണ്.

9. നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ നിന്നും, നഗരസഭ ഏതെങ്കിലും സാമൂഹ്യസുരക്ഷാ പദ്ധതിയിൽപ്പടുത്തി നിർമ്മിച്ചു നൽകിയ ഭവനസമുച്ചയങ്ങളിൽ നിന്നും, നഗരസഭ നേരിട്ട് പരിപാലനം നടത്തുന്ന പൊതുശൗചാലയങ്ങളിൽ നിന്നും, മൊബൈൽ ടോയിലറ്റിൽ നിന്നും, കമ്മ്യൂണിറ്റി ടോയിലറ്റുകളിൽ നിന്നും സെപ്റ്റേജ് മാലിന്യം ശേഖരിക്കുന്നതിനുള്ള സേവനം സൗജന്യമായിരിക്കും. ഇതിനു പുറമേ നഗരസഭ കൗൺസിലിന്റെ തീരുമാനത്തിന് വിധേയമായി ഏതെങ്കിലും സ്ഥാപനത്തിനോ, ആഘോഷത്തിനോ, വ്യക്തികൾക്കോ സേവനം സൗജന്യമായി ലഭ്യമാക്കാവുന്നതാണ്. സൗജന്യ സേവനം സംബന്ധിച്ച് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതും (ഓൺലൈനായോ അല്ലാതെയോ) ആയത് എല്ലാമാസവും നഗരസഭ സെക്രട്ടറി പരിശോധിച്ച് സാഷ്യപ്പെടുത്തേണ്ടതുമാണ്.ഇതിനായി ലൈസെൻസികൾക്കു നൽകേണ്ട തുക നഗരസഭ തനതു ഫണ്ടിൽ നിന്നും നൽകേണ്ടതാണ്.
10. അപേക്ഷ പ്രകാരം സെപ്റ്റേജ് കളക്ഷൻ വാഹനം സ്ഥലെത്തത്തുകയും നഗരസഭയുടെയോ ലൈസൻസിയുടെ നിയന്ത്രണത്തിലുള്ളതല്ലാത്ത കാരണങ്ങളാൽ സെപ്റ്റേജ് ശേഖരിക്കാൻ കഴിയാതെ വരികയും ഗുണഭോക്താവിന്റെ ആവശ്യപ്രകാരം, ക്യാൻസലേഷൻ ഒഴിവാക്കി ബുക്കിംഗ് നിലനിർത്തി വാഹനം തിരിച്ചു പോയി അതേ വാഹനത്തിന്റെ സേവനം മറ്റൊരവസരത്തിൽ പ്രയോജനെപ്പടുത്തണമെങ്കിൽ അധിക ചാർജ്ജായി 600 രൂപയും നിശ്ചയിക്കപ്പെട്ട മിനിമം ദൂരത്തിലധികം ദൂരത്തു നിന്നാണ് സെപ്റ്റേജ് മാലിന്യം ശേഖരിക്കേണ്ടതെങ്കിൽ ആയിലേയ്ക്ക് നിശ്ചയിച്ചിട്ടുള്ള ടാൻസ്പോർട്ടേഷൻ ചാർജ്ജും ഓൺലൈനായി ഒടുക്കേണ്ടതാണ്. ടി. തുക പൂർണ്ണമായും ലൈസൻസിക്ക് നല്കേണ്ടതാണ്
11. സെപ്റ്റേജ് വാഹനങ്ങളുടെ യൂസർ ഫീ കൗൺസിൽ പ്രതിവർഷം വിലയിരുത്തി ആവശ്യമായ മാറ്റം വരുത്തേണ്ടതാണ്.

**13. മറ്റു വ്യവസ്ഥകൾ**

1. സെപ്റ്റേജ് ടാങ്കറുകളിലൂടെയുള്ള മാലിന്യ ശേഖരണ സംവിധാനം സംബന്ധിച്ച് പൊതുജനങ്ങൾക്ക് ബോധവത്ക്കരണം നൽകുന്നതിനായി എല്ലാത്തരം മാദ്ധ്യമങ്ങളും പ്രയോജനപ്പെടുത്താവുന്നതാണ്. ഇതിലേയ്ക്ക് വരുന്ന ചെലവുകൾ നഗരസഭയുടെ തനതു ഫണ്ടിൽ നിന്ന് വഹിക്കേണ്ടതാണ്.

**14. ബൈലോ ഭേദഗതി**

ഈ ബൈലോയിൽ ഭേദഗതി വരുത്താനുള്ള അധികാരം കൊച്ചി നഗരസഭ കൗൺസിലിൽ മാത്രം നിക്ഷിപ്തമായിരിക്കുന്നതാണ്.

**സെക്രട്ടറി**

**കൊച്ചി നഗരസഭ**

## വിശദീകരണക്കുറിപ്പ്

കൊച്ചി നഗരസഭ അധികാരപരിധിയിൽ സെപ്റ്റേജ് മാലിന്യം പൊതുനിരത്തുകളിലും ഓടകളിലും തോടുകളിലും പുഴകളിലും നിക്ഷേപിക്കുന്നുണ്ട് എന്ന് നഗരസഭയുടെ വിവിധ പരിശോധനകളിൽ ബോദ്ധ്യപ്പെട്ടതിനെ തുടർന്ന് നഗരസഭയുടെ അധികാര പരിധിയിൽ സെപ്റ്റേജ് മാലിന്യം കൈകാര്യം ചെയ്യുന്നത് ശാസ്ത്രീയമാണ് എന്ന് ഉറപ്പാക്കാനും സെപ്റ്റേജ് ശേഖരണ പരിപാലന സേവനം മിതമായ നിരക്കിൽ ഉപഭോക്താവിന് ലഭ്യമാകുന്നുണ്ടെന്നു ഉറപ്പു വരുത്തുന്നതിനും മാലിന്യം ശാസ്ത്രിയമായി കൈകാര്യം ചെയ്യുന്നതിനുള്ള ശരിയായ മാർഗ്ഗ നിർദേശങ്ങൾ പുറപ്പെടുവിക്കുന്നത്തിനുവേണ്ടി സെപ്റ്റേജ് ടാങ്കറുകളിലൂടെ നിയമ-ചട്ടങ്ങൾ രൂപപ്പെടുത്തുന്നതിലക്ക് സെപ്റ്റേജ് മാനേജ്മെന്റ് ആന്റ് മെയിന്റനൻസ് ബൈലോ 2022-ന് രൂപം നൽകിയിട്ടുള്ളത്.

## അനുബന്ധം I

കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ
സെപ്റ്റേജ് ശേഖരണ വാഹനങ്ങളുടെ യൂസർ ഫീ നിരക്ക്
{ബൈലോ 12 (1 ) കാണുക ]

| ക്രമ നമ്പർ | വാഹന ത്തിന്റെ തരം (ടാങ്ക് കപ്പാസിറ്റി) | യൂസർ ഫീ (രൂപ ) -30 കിലോമീറ്റർ ദൂരത്തിന് | സെപ്റ്റേജ് റിസീവിങ് സ്റ്റേഷൻ സർവീസ് ചാർജ് (രൂപ) | ലൈസെൻസിക്ക് ലഭിക്കുന്ന തുക (രൂപ ) | 30 കിലോമീറ്റർ കഴിഞ്ഞു വരുന്ന അധിക കിലോമീറ്റർ ചാർജ്/ കിലോമീറ്റർ (രൂപ) | 50 മീറ്റർ കഴിഞ്ഞുള്ള അധിക ഹോസ് ചാർജ് (രൂപ ) |
|---|---|---|---|---|---|---|
| 1 | 6000 ലിറ്റർ വരെ | 4750 | 750 | 4000 | 50 | 1000 |
| 2 | 6001 ലിറ്റർ മുതൽ 10000 ലിറ്റർ വരെ | 6000 | 1000 | 5000 | 70 | 1000 |
| 3 | 10001 ലിറ്റർ മുതൽ 15000 ലിറ്റർ വരെ | 8000 | 1500 | 6500 | 90 | 1000 |
| 4 | 15001 ലിറ്ററിന് മുകളിൽ | 11000 | 2000 | 9000 | 90 | 1000 |

## അനുബന്ധം II
## കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ

സെപ്റ്റേജ്  ശേഖരണ വാഹനങ്ങളുടെ ലൈസൻസ് ഫീ  നിരക്ക്

{ബൈലോ 7 (7 ) കാണുക ]

| ക്രമ നമ്പർ | വാഹനത്തിന്റെ തരം (ടാങ്ക് കപ്പാസിറ്റി) | ലൈസൻസ് ഫീ (രൂപ) | ലേറ്റ് ഫീ- രൂപ (ലൈസൻസ് കാലാവധി അവസാനിക്കുന്നതിന് 59 ദിവസം മുമ്പ് മുതൽ ലൈസൻസ് കാലാവധി അവസാനിക്കുന്ന ദിവസം വരെ.) | ലേറ്റ് ഫീ-രൂപ (ലൈസൻസ് കാലാവധി അവസാനിച്ച ശേഷം) |
|---|---|---|---|---|
| 1 | 6000 ലിറ്റർ വരെ | 3000 | 500 | 500 + പ്രതിദിനം 50 രൂപ വീതം |
| 2 | 6001 ലിറ്റർ മുതൽ 10000 ലിറ്റർ വരെ | 4000 | 1000 | 1000 + പ്രതിദിനം 50 രൂപ വീതം |
| 3 | 10001 ലിറ്റർ മുതൽ 15000 ലിറ്റർ വരെ | 6000 | 1500 | 1500 + പ്രതിദിനം 75 രൂപ വീതം |
| 4 | 15001 ലിറ്ററിന് മുകളിൽ | 10000 | 2000 | 2000 + പ്രതിദിനം 100 രൂപ വീതം |

## അനുബന്ധം III

കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ

സെപ്റ്റേജ് വാഹന റെജിസ്ട്രേ ഷൻ അപേക്ഷ ഫോറം

[ബൈലോ 7 (1) കാണുക]

1. അപേക്ഷകന്റെ (വാഹന ഉടമയുടെ) വിവരങ്ങൾ
   - i. പേര് :
   - ii. വിലാസം :
   - iii. മൊബൈൽ നമ്പർ :
   - iv. ഇ-മെയിൽ വിലാസം :
   - v. ആധാർ നമ്പർ :
2. വാഹനത്തിന്റെ വിവരങ്ങൾ :
   - i. രജിസ്ട്രേഷൻ നമ്പർ :
   - ii. രജിസ്ട്രേഷൻ വാലിഡിറ്റി :

iii. പൊല്യൂഷൻ വാലിഡിറ്റി :

iv. ഇൻഷുറൻസ് വാലിഡിറ്റി :

v. വാഹന ഫിറ്റ്നസ് വാലിഡിറ്റി :

vi. പെർമിറ്റ് വാലിഡിറ്റി :

vii. വാഹനത്തിന്റെ ശേഷി (ലിറ്ററിൽ) :

3. വാഹന ഉടമയുടെ ബാങ്കു വിവരങ്ങൾ

i. പേര് (ബാങ്ക് അക്കൗണ്ടിൽ ഉള്ളത് പോലെ) :

ii. അക്കൗണ്ട് നമ്പർ :

iii. ഐ എഫ് എസ് സി കോഡ് :

iv. ബാങ്കിന്റെ പേര് :

v. ബ്രാഞ്ചിന്റെ പേര് :

<u>ഓൺലൈൻ ആപ്ലിക്കേഷനിൽ അപ് ലോഡ് ചെയ്യേണ്ട ഡോക്യുമെന്റുകൾ</u>

1. വാഹന റെ ജിസ്ട്രേ ഷൻ കോപ്പി
2. പൊലൂഷൻ സർട്ടിഫിക്കറ്റ്
3. ഇൻഷുറൻസ് സർട്ടിഫിക്കറ്റ്
4. വാഹന ഫിറ്റ്നസ് സർട്ടിഫിക്കറ്റ്
5. വാഹന പെർമിറ്റ്
6. വാഹന ഉടമയുടെ പാസ്പോർട്ട് വലുപ്പത്തിലുള്ള ഫോട്ടോ
7. ആധാർ കാർഡ്

കുറിപ്പ് : കൊച്ചി നഗരസഭ പരിധിക്കുള്ളിൽ സെപ്റ്റേജ് മാലിന്യം വാഹനത്തിൽ ശേഖരിച്ചു സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റിലേക്കു കൊണ്ടുപോകുന്നതിന് നഗരസഭ അംഗീകരിച്ചു നൽകുന്ന നിബന്ധനകൾ ഞാൻ പൂർണമായി അംഗീകരിക്കുന്നതാണ് നഗരസഭ **സെപ്റ്റേജ് മാനേജ്മെന്റ് ആന്റ് മെയിന്റനൻസ് ബൈലോ 2022 ഞാൻ പൂർണമായി** വായിച്ചു ബോധ്യപ്പെട്ടു. ബൈലോ പ്രകാരം പ്രവർത്തിക്കുന്നതിന് പൂർണ സമ്മതമാണ് .

**അനുബന്ധം IV**

**കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ**

സെപ്റ്റേജ് വാഹന ലൈസൻസ് ഫോർമാറ്റ്

[ബൈലോ 7 (4) കാണുക]

| | |
|---|---|
| Kochi Municipal Corporation<br>PB No-1016, Cochin Ernakulam-Kerala | |
| Issued as per the by-law "Septage Management & Maintenance Bylaw 2022", approved by the Kochi Municipal Corporation. | |
| License for Septage Collection Vehicles | |
| License No. KMCLWM-------- Expiry date : --/--/---- | |
| Area of Operation: Kochi Municipal Corporation | |
| Type of tanker | Septage Collection Tanker |
| Name of the licensee | |
| Address | |
| Phone No | |
| Vehicle Registration No | |
| Capacity of tanker | |
| Date<br><br>Location Name | Signature |